2588640/2018/min (Health)

8091

ബഹുമാനപ്പെട്ട ആരോഗ്യ മന്ത്രി,

കേരള സർക്കാരിന്റെ ആരോഗ്യ വകുപ്പിനു കീഴിൽ എറണാകുളം ജില്ലയിലുള്ള എടവനക്കാട് വൃദ്ധ സദനത്തിൽ നിർധന കുടുംബത്തിലുള്ള മുഹമ്മദ്, തന്റെ മാതാവിനെ ചേർക്കാൻ ചെന്നപ്പോഴുണ്ടായ ദുരനുഭവമാണ് മനുഷ്യാവകാശ പ്രവർത്തകനായ എന്നെ ഈ പ്രശ്നത്തിൽ ഇടപെടാൻ ഇടയാക്കിയത്. മറവി രോഗമുള്ള ഉമ്മയെ വൃദ്ധ സദനത്തിൽ ചേർക്കാൻ മനസ്സുണ്ടായിട്ടല്ല, സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട്ണ് മുഹമ്മദ് ഇതിന് തയാറായത്. എന്നാൽ നമ്മുടെ സാമൂഹ്യ നീതിവകുപ്പ് തികച്ചും അനീതിയാണ് കാണിക്കുന്നത് എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു.

ദയവായി അവിടെ ഒരു അന്വേഷണം നടത്താനപേക്ഷിക്കുന്നു. അവിടെ താമസിപ്പിച്ചിരിക്കുന്ന ഭൂരിഭാഗം പേരുടെയും മക്കൾ ഉയർന്ന നിലയിൽ ജോലി ചെയ്യുന്നവരാണ്. ഉദാഹരണത്തിന് കോട്ടയം ജില്ലയിലെ മുട്ടുചിറയിലുള്ള ഭാസ്കരന്റെ ഭാര്യയെ അവിടെ കണ്ടു. നാലു വർഷമായി അവർ അവിടെയായിട്ട്. അവരുടെ ഒരു മകൾ അമേരിക്കയിൽ നേഴ്സാണ്. മറ്റ് രണ്ടു മക്കൾ ഡൽഹിയിൽ സ്വകാര്യ കമ്പനികളിൽ ഒന്നര ലക്ഷം രൂപ ശംബളം പറ്റി ജോലി ചെയ്യുന്നു എന്ന് ബന്ധുക്കൾ പറയുന്നു. ഒരു മകൻ കൂടിയുണ്ട്. എന്നാൽ മൂത്ത മകൾ, മകനവകാശപ്പെട്ട വീട് കൈക്കലാക്കുകയും ഭാസ്കരന്റെ മരണ ശേഷം വീട് വാടകയ്ക്ക് നൽകി സുപ്രണ്ടിന്റെ ഒത്താശയൊടെ അമ്മയെ എടവനക്കാട് വൃദ്ധ സദനത്തിലാക്കിയ്ട്ട് ഡൽഹിയിലേക്ക് പോകുകയും ചെയ്തതായി ബന്ധു വെളിപ്പെടുത്തി. ഇതിന് സൂപ്രണ്ടിന്റെ വിശദീകരണം മക്കൾ നോക്കാത്ത കേസിൽ സർക്കാർ എന്തു ചെയ്യും എന്നാണ്. എന്നാൽ ഇവരെ നോക്കുന്ന ആശവർക്കറെ ദിവസവും മക്കൾ ഫോണിൽ വിളിക്കാറുള്ളതായി ബന്ധു പറഞ്ഞു.

ഇത്തരത്തിൽ അർഹതപ്പെട്ടവർക്ക് ഉപയോഗപ്പെടാതെ സമ്പന്നരെ പാർപ്പിക്കാനായി സർക്കാർ സംവിധാനം ദുരുപയോഗം ചെയ്യുന്ന സൂപ്രണ്ടിനെതിരെ അന്വേഷണം നടത്തി ഉചിതമായ നടപടി കൈക്കൊള്ളാനപേക്ഷിക്കുന്നു. അതോടൊപ്പം സ്വകാര്യ വൃദ്ധ സദനത്തിലെ താമസത്തിന് നാളിതുവരെ ചിലവാകുന്ന തുകയ്ക്ക് തുല്യമായ തുക ഈടാക്കുന്നതിനും നടപടിയെടുക്കാനപേക്ഷിക്കുന്നു.

വിനയത്തോടെ,

വി. ബാഹുലേയൻ

മനുഷ്യാവകാശ പ്രവർത്തകൻ

10/05/2018

Spl. Secretary, SJ
Enquire Report

DSJ
enquire and report
13/6

ADSJ
Pl. enquire
18/6